മാലിന്യമുക്ത കേരളം

**ശുചിത്വമിഷൻ**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**കേരളസർക്കാർ**

**<u>നഗരസഭാ പദ്ധതി പദ്ധതിയേതര പ്രവർത്തന പുരോഗതി - അവലോകന റിപ്പോർട്ട്</u>**

സംസ്ഥാനത്തെ നഗരസഭകളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകന യോഗം 21.02.2017 ന് തിരുവനന്തപുരത്ത് വനശ്രീ ആഡിറ്റോറിയത്തിൽ നടന്നു. പ്രസ്തുത യോഗത്തിൽ നഗരസഭകളിലെ ഒ.ഡി.എഫ് പ്രവർത്തനം, ഖരമാലിന്യ സംസ്കരണം എന്നിവയുടെ പുരോഗതി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി വിലയിരുത്തി. സംസ്ഥാനത്തെ 93 നഗരസഭാ സ്ഥാപനങ്ങളിൽ 44 എണ്ണം ഇതിനകം ODF പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കൊല്ലം, കോട്ടയം, കോഴിക്കോട് ജില്ലകളിൽ മുഴുവൻ നഗരസഭകളും ODF പൂർത്തീകരിച്ചു. എല്ലാ നഗരസഭകളിലും ODF പ്രഖ്യാപനം നടത്തി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തിയത് കോഴിക്കോട് ജില്ലയാണ്. പ്രവർത്തന പുരോഗതിയിൽ ഇനിയും മുന്നേറാനുള്ളത് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും, ആലപ്പുഴ, മാനന്തവാടി, മഞ്ചേരി, സുൽത്താൻ ബത്തേരി, തൃപ്പൂണിത്തുറ, കളമശ്ശേരി, കാസറഗോഡ് നഗരസഭകളുമാണ് എന്നുള്ളത് യോഗം വിലയിരുത്തി. ഈ നഗരസഭകളിൽ പ്രത്യേകം ശ്രദ്ധചെലുത്തി ഫെബ്രുവരി 28-നകം ODF പ്രഖ്യാപനം നടത്തുവാൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. യോഗത്തിൽ ശുചിത്വമിഷൻ സീനിയർ കൺസൾട്ടന്റായ കേശവൻ നായർ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് സംബന്ധിച്ച് മലയാളത്തിൽ തയ്യാറാക്കിയ ബൈലോ അവതരിപ്പിക്കുകയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.